# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

# അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി

## പതിനഞ്ചാമത് റിപ്പോർട്ട്

(2018 ഡിസംബർ 6-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

## പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

# അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി
# (2016-2019)

### പതിനഞ്ചാമത് റിപ്പോർട്ട്

1626/2018.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| റിപ്പോർട്ട് | .. | 1 |

# അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി
# (2016-2019)

## ഘടന

<u>അദ്ധ്യക്ഷൻ :</u>

ശ്രീ. എ. എം. ആരിഫ്.

<u>അംഗങ്ങൾ :</u>

ശ്രീ. പി. വി. അൻവർ

ശ്രീ. എൽദോ എബ്രഹാം

ശ്രീ. ജോർജ് എം. തോമസ്

ശ്രീ. എം. രാജഗോപാലൻ

ശ്രീ. കെ. എസ്. ശബരീനാഥൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. സി. ജോസ്, അഡീഷണൽ സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എൽ. ജ്യോതി, അണ്ടർ സെക്രട്ടറി.

# റിപ്പോർട്ട്

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2018 ഡിസംബർ 7-ാം തീയതി വെള്ളിയാഴ്ച സഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങൾക്ക് സമയപരിധി നിർണ്ണയിക്കുന്ന കാര്യം 2018 ഡിസംബർ 5-ാം തീയതി ചേർന്ന സമിതി യോഗം പരിഗണിച്ചു. പ്രമേയങ്ങളുടെ ചർച്ചയ്ക്ക് സമിതി താഴെപ്പറയുന്ന പ്രകാരം സമയപരിധി ശിപാർശ ചെയ്യുന്നു:

| | | |
|---|---|---|
| (1) | ശ്രീ. മുല്ലക്കര രത്നാകരൻ, എം.എൽ.എ. നോട്ടീസ് നൽകിയ പ്രമേയം (ശ്രീമതി ഗീതാ ഗോപി, എം.എൽ.എ. ചുമതലപ്പെടുത്തിയതനുസരിച്ച്) | സമയം 40 മിനിറ്റ് |
| (2) | ശ്രീ. കെ. ഡി. പ്രസേനൻ, എം.എൽ.എ. നോട്ടീസ് നൽകിയ പ്രമേയം | സമയം 40 മിനിറ്റ് |
| (3) | ശ്രീ. പി. കെ. അബ്ദു റബ്ബ്, എം.എൽ.എ. നോട്ടീസ് നൽകിയ പ്രമേയം | സമയം 40 മിനിറ്റ് |

3. മുകളിൽ കൊടുത്തിരിക്കുന്ന ഏതെങ്കിലും പ്രമേയത്തിന് അനുവദിച്ചിട്ടുള്ള സമയം മുഴുവനും ആവശ്യമില്ലാതെ വരുന്നപക്ഷം ശേഷിക്കുന്ന സമയം മറ്റിനങ്ങൾക്കുവേണ്ടി യഥാർഹം വിനിയോഗിക്കാവുന്നതാണെന്നും സമിതി ശിപാർശ ചെയ്യുന്നു :

4. 2018 ഡിസംബർ 5-ാം തീയതി ചേർന്ന യോഗത്തിലാണ് സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചത്.

5. 2018 ഡിസംബർ 7-ാം തീയതി വെള്ളിയാഴ്ച ചർച്ചയ്ക്കുവരുന്ന അനൗദ്യോഗിക പ്രമേയങ്ങൾ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

എ. എം. ആരിഫ്,
*അദ്ധ്യക്ഷൻ,*
*അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 ഡിസംബർ 6.

<u>അനുബന്ധം</u>

## 2018 ഡിസംബർ 7-ാം തീയതി വെള്ളിയാഴ്ച സഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങൾ

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | പ്രമേയം |
|---|---|---|
| 1 | 2 | 3 |
| (1) | ശ്രീ. മുല്ലക്കര രത്നാകരൻ (ശ്രീമതി ഗീതാ ഗോപി ചുമതലപ്പെടുത്തിയതനുസരിച്ച്) | "കേരളത്തിലുണ്ടായ പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്ന നയങ്ങൾ കേരളത്തിന്റെ താൽപര്യങ്ങൾക്ക് തികച്ചും വിരുദ്ധവും ഹാനികരവുമാണ്. ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും തുല്യാവകാശമാണെന്ന അടിസ്ഥാനതത്വം പോലും മറന്നാണ് കേന്ദ്രസർക്കാരിന്റെ നടപടികൾ. ഈ നൂറ്റാണ്ടു കണ്ട ഏറ്റവും വലിയ പ്രളയത്തിനിരയായ കേരളത്തിലെ ജനങ്ങളോട് നീതിപൂർവ്വമായും സഹാനുഭൂതി യോടെയുമുള്ള സമീപനം സ്വീകരിക്കണ മെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു". |
| (2) | ശ്രീ. കെ. ഡി. പ്രസേനൻ | "പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജിച്ച് സേലം റെയിൽവേ ഡിവിഷൻ രൂപീകരിച്ച വേളയിൽ നഷ്ടപരിഹാരമായി കേരളത്തിന്റെ ദീർഘകാല ആവശ്യമായി രുന്ന റെയിൽ കോച്ച് ഫാക്ടറി കഞ്ചിക്കോട്ട് സ്ഥാപിക്കുന്നതാണെന്ന് 2008-09-ലെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. 28-1-2012-ൽ 239 ഏക്കർ സ്ഥലം റെയിൽവേയ്ക്ക് കൈമാറിയതിനെ തുടർന്ന് 2012 ഫെബ്രുവരി 21-ന് കോച്ച് ഫാക്ടറിക്ക് തറക്കല്ലിട്ടു. 2008-ൽ കഞ്ചിക്കോട്ട് റെയിൽ ഫാക്ടറിയോടൊപ്പം പ്രഖ്യാപിച്ച റായ്ബറേലി |

| | | |
|---|---|---|
| | | കോച്ച് ഫാക്ടറി 2012 നവംബർ 7-ന് പ്രവർത്തനം ആരംഭിച്ചെങ്കിലും ഇതുവരെയും കഞ്ചിക്കോട് കോച്ച് ഫാക്ടറിയുടെ നിർമ്മാണം ആരംഭിക്കുകയോ, 10 ലക്ഷം രൂപ നാമമാത്രമായി വകയിരുത്തിയതല്ലാതെ കൂടുതൽ തുക അനുവദിക്കുകയോ ചെയ്തിട്ടില്ല. കേന്ദ്ര പൊതുമേഖലാ നിക്ഷേപം തീരെ കുറഞ്ഞ കേരളത്തിൽ റെയിൽ കോച്ച് ഫാക്ടറി ആരംഭിക്കാമെന്ന വാഗ്ദാനം എത്രയും പെട്ടെന്ന് സഫലമാക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു". |
| (3) | ശ്രീ. പി. കെ. അബ്ദു റബ്ബ് | "സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിന് സർക്കാർ കൊണ്ടുവന്നിട്ടുള്ള പുതിയ മാനദണ്ഡങ്ങൾ, വർഷങ്ങളായി ഈ പെൻഷനുകൾ വാങ്ങുന്നവരുടെ അവകാശം നിഷേധിച്ചിരിക്കുകയാണ്. നിലവിലുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ച് കൂടുതൽ പേർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനു പകരം സർക്കാർ, അർഹരായവരെ ഒഴിവാക്കുന്നത് പ്രതിഷേധാർഹമാണ്. അതിനാൽ പെൻഷൻ പദ്ധതിയിൽ അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്താൻ ഈ സഭ സർക്കാരിനോട് ആവശ്യപ്പെടുന്നു". |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.